I ഇ.ബി. XIV - കേരള നിയമസഭ /IV-15

**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മാർച്ച് 16, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

വിജിലൻസ് ഡയറക്ടർക്കെതിരെയുള്ള ആരോപണങ്ങൾ

മി. സ്പീക്കർ: സംസ്ഥാന വിജിലൻസ് ഡയറക്ടറായ ശ്രീ. ജേക്കബ് തോമസിനെതിരെ ഗുരുതരമായ അഴിമതി ആരോപണങ്ങൾ തുടർച്ചയായി ഉയർന്നുവരുന്നു. പോർട്ട് ഡയറക്ടറായിരിക്കെ നടത്തിയ ക്രമക്കേടുകളും അദ്ദേഹത്തിനെതിരെ ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ ക്രമക്കേടുകൾക്കും പുറമെ ഗവൺമെന്റിന് സമർപ്പിച്ച വസ്തുവിവര സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതെ തമിഴ്നാട്ടിൽ വിരുദുനഗർ ജില്ലയിൽ രാജപാളയം താലൂക്കിൽ സേതുർ വില്ലേജിൽ കൊച്ചിയിലെ ഇസ്ര അഗ്രോ ടെക് സിസ്റ്റംസ് ലിമിറ്റഡ് ഡയറക്ടർ എന്ന വിലാസത്തിൽ ജേക്കബ് തോമസ് അനധികൃതമായി സമ്പാദിച്ച സ്വത്ത് സംബന്ധിച്ചുള്ള വിവരങ്ങളും വാർത്താ മാധ്യമങ്ങളിൽ ആക്ഷേപങ്ങളായി ഉയർന്നുവരുന്നതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സാഹചര്യം ഇന്നത്തെ സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അഴിമതിക്കെതിരെ

വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന ശ്രീ. ജേക്കബ് തോമസിനെതിരെ മുൻപും ആരോപണങ്ങളുണ്ടായിട്ടുണ്ട്. പത്ര-മാധ്യമങ്ങളിൽ വരുന്ന വാർത്തകളെ മാത്രം അടിസ്ഥാനമാക്കി ഉദ്യോഗസ്ഥന്റെ വിശ്വാസ്യതയെ തകർക്കുന്ന രീതിയിൽ സർക്കാർ നടപടിയെടുക്കില്ല. മാധ്യമ സൃഷ്ടികളുടെ പിന്നാലെ പോകാതെ വസ്തുതകൾ പരിശോധിച്ച് തീർപ്പാക്കുകയാണ് സർക്കാർ ചെയ്യുന്നത്. തുറമുഖ വകുപ്പ് ഡയറക്ടറായിരിക്കെ അദ്ദേഹം നടത്തിയതായി പറയുന്ന പർച്ചേസുകളെ സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്. അദ്ദേഹം ഏതെങ്കിലും സ്വകാര്യ കമ്പനിയുടെ ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ടോയെന്നും അതിന് സർക്കാർ അനുമതി നൽകിയിരുന്നോ എന്നുമുള്ള കാര്യത്തെ സംബന്ധിച്ച് വിശദമായി പരിശോധിച്ചശേഷം മാത്രമേ മറുപടി നൽകാൻ കഴിയൂ. തമിഴ്നാട്ടിലെ വിരുദ്ദ നഗറിൽ ശ്രീ. ജേക്കബ് തോമസ് വസ്തു വാങ്ങിയിട്ടുണ്ടെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഏർപ്പെടുന്ന യാതൊരു ഉദ്യോഗസ്ഥനും നിയമം അനുശാസിക്കുന്ന സ്വാതന്ത്ര്യവും സംരക്ഷണവും നൽകുന്നതോടൊപ്പം ആക്ഷേപങ്ങളുണ്ടായാൽ അത് പരിശോധിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: ശ്രീ. ജേക്കബ് തോമസിനെതിരെ ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുപകരം മുഖ്യമന്ത്രി പഴയ നിലപാടുതന്നെ ആവർത്തിക്കുന്നത് തികച്ചും ദൗർഭാഗ്യകരമാണ്. ആൾ ഇന്ത്യാ സർവ്വീസ് ചട്ടമനുസരിച്ച് സർക്കാരിന് സ്വത്തുവിവര കണക്ക് സമർപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ലെന്നുമാത്രമല്ല, ശ്രീ. ജേക്കബ് തോമസ് 2001-ൽ വിരുദ്ദ നഗർ ജില്ലയിലെ സേത്തൂർ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി വാങ്ങിക്കൂട്ടിയ 50 ഏക്കർ ഭൂമിയെ സംബന്ധിച്ച വിവരം 2017-ൽ സമർപ്പിച്ച അസറ്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുമില്ല. സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഉന്നത പോലീസുദ്യോഗസ്ഥൻ ഒരു കമ്പനിയുടെ ഡയറക്ടറായിരിക്കാൻ പാടില്ലെന്നിരിക്കെ 'ഇസ്ര അഗ്രോ ടെക് സിസ്റ്റംസ് ലിമിറ്റഡ്' കമ്പനിയുടെ ഡയറക്ടർ എന്ന വിലാസത്തിൽ സ്ഥലം വാങ്ങുകയും പ്രസ്തുത വിവരം സർക്കാരിൽനിന്നും മറച്ചുവയ്ക്കുകയും ചെയ്തതിലൂടെ ഗുരുതരമായ ചട്ടലംഘനമാണ് നടത്തിയിരിക്കുന്നത്. 2002-ലും 2003-ലും നൽകിയ അസറ്റ് സ്റ്റേറ്റ്മെന്റിൽ ഈ ഭൂമി അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിലാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോൾ ലഭിച്ച ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ അദ്ദേഹത്തിന്റെ പേരാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിയമങ്ങൾ ലംഘിച്ച് ജേക്കബ് തോമസ് നടത്തിയ അവിഹിത സ്വത്തിടപാടുകൾ ദുരൂഹത നിറഞ്ഞതാണ്. പോർട്ട് ഡയറക്ടറായിരുന്നപ്പോൾ

അദ്ദേഹം നടത്തിയ ക്രമക്കേടുകളെക്കുറിച്ച് ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടിന്മേൽ നിയമോപദേശം തേടിയിരിക്കുന്നുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. സർവ്വീസിലിരിക്കെ ഗുരുതരമായ ക്രമക്കേടുകൾ നടത്തിയ ഈ ഉദ്യോഗസ്ഥൻ വിജിലൻസിനും സംസ്ഥാനത്തിനും അപമാനമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): അടിയന്തരപ്രമേയത്തിൽ ഉന്നയിച്ച ഭൂമിയിടപാടുമായി ബന്ധപ്പെട്ട് പത്രവാർത്തകൾ വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ക്രമവിരുദ്ധമായി എന്തെങ്കിലുമുണ്ടോയെന്ന് അന്വേഷിച്ചുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ശ്രീ. ജേക്കബ് തോമസിനെ വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്ന് നീക്കാൻ കഴിയില്ല. ഗവൺമെന്റ് സർവ്വീസിലിരിക്കെ അദ്ദേഹം സ്വകാര്യ കമ്പനിയിൽ ഡയറക്ടറുടെ ചുമതല വഹിച്ചിരുന്നു എന്ന ആരോപണം വകുപ്പുതലത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്. നിയമവിരുദ്ധമായ നടപടികളെ സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുകയില്ല. ബഹു. ഹൈക്കോടതി ചൂണ്ടിക്കാണിച്ചതുപ്രകാരം വിജിലൻസ് സംവിധാനത്തിലെ പാളിച്ചകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അഴിമതിക്കെതിരായ

നീക്കങ്ങൾ നടത്തുന്നതിനൊപ്പം മാനദണ്ഡങ്ങൾക്കനുസൃതമായും വിജിലൻസ് പ്രവർത്തിക്കേണ്ടതാണ്. അഴിമതിക്കെതിരെ നടപടി സ്വീകരിക്കാനുള്ള വിജിലൻസിന്റെ നിയമാനുസൃതമായ സ്വാതന്ത്ര്യം സർക്കാർ സംരക്ഷിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, സി. എഫ്. തോമസ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) മരുന്നുകളുടെ ജനറിക് നാമം

ശ്രീ. ഇ. കെ. വിജയൻ: സംസ്ഥാനത്ത് മരുന്നു വിപണന രംഗത്തെ ചൂഷണം അവസാനിപ്പിക്കുന്നതിന് മരുന്നുകളുടെ ജനറിക് നാമം മാത്രം നിർദ്ദേശിക്കുന്നത് നിർബന്ധമാക്കണം. ഡോക്ടർമാർ ജനറിക് മരുന്നുകൾ

എഴുതണമെന്ന് മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശമുണ്ടെങ്കിലും പലരും അത് പാലിക്കാറില്ല. ബ്രാൻഡഡ് മരുന്നുകളുടെ തുല്യ പ്രവർത്തനശേഷിയുള്ള ജനറിക് മരുന്നുകൾ 75 ശതമാനം വരെ വിലകുറച്ച് നൽകാൻ കഴിയുന്നതാണ്. എന്നാൽ മരുന്നുല്പാദകരും ഇടനിലക്കാരും മെഡിക്കൽ രംഗത്തുള്ളവരും ചേർന്ന് രോഗികളിൽനിന്ന് വലിയ വില ഈടാക്കുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. ഡോക്ടർ എഴുതുന്ന മരുന്ന് നൽകാതെ പകരം വിലകൂടിയ മരുന്നാണ് പല മെഡിക്കൽ ഷോപ്പുകളിൽനിന്നും നൽകുന്നത്. ജനറിക് മരുന്നുകൾ കുറിക്കുന്നതിനെതിരായി ഡോക്ടർമാർ ചൂണ്ടിക്കാട്ടുന്നത് മരുന്നുകളുടെ നിലവാരത്തകർച്ചയെയാണ്. ജനറിക് മരുന്നുകൾ വ്യാപകമാക്കാനുള്ള സൗകര്യമൊരുക്കാനും അതിന്റെ ക്വാളിറ്റി പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്താനും ആശുപത്രികളിൽ ജനറിക് മരുന്നുകളുടെ അളവ് വർദ്ധിപ്പിക്കാനും ഈ രംഗത്ത് നിലനിൽക്കുന്ന ചൂഷണങ്ങൾ അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർക്കാർ ഡോക്ടർമാർ ജനറിക് നാമത്തിൽ മരുന്ന് കുറിക്കണമെന്നും ഇത് പാലിക്കാത്തവരെ അച്ചടക്ക

നടപടികൾക്ക് വിധേയരാക്കുമെന്നും സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ജനറിക് മരുന്നുകളാണ് സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം ചെയ്യുന്നത്. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നിർമ്മാതാക്കളിൽനിന്ന് നേരിട്ട് മരുന്ന് സംഭരിച്ച് എം.ആർ.പി.യെക്കാളും വിലകുറച്ച് വിതരണം ചെയ്യുന്ന നീതി, മാവേലി, കാരുണ്യ ഫാർമസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആഭ്യന്തര വിതരണത്തിനായി മരുന്ന് ഫോർമുലേഷനുകൾക്ക് അവയുടെ ജനറിക് നാമത്തിൽ മാത്രം അനുമതി നൽകിയാൽ മതിയെന്ന് ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് നിർമ്മാണ കമ്പനികൾക്ക് അവരുടെ ഉല്പന്നങ്ങൾ ബ്രാന്റ് നാമം ചേർത്ത് വിപണനം ചെയ്യാൻ നിയമ തടസ്സമില്ല. കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ ഭേദഗതികൾ വരുത്തിയാൽ മാത്രമേ ബ്രാന്റ് നാമത്തിലുള്ള മരുന്ന് വിതരണം നിയമപരമായി ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. പൊതുവിതരണ സംവിധാനത്തിലൂടെയും സർക്കാർ ആശുപത്രികളിലെ കുറിപ്പടികളിലൂടെയും ജനറിക് നാമം ഉപയോഗിക്കാനുള്ള ശ്രമം വർദ്ധിപ്പിച്ച് ഈ പ്രശ്നങ്ങൾക്ക്

പരിഹാരം കാണുന്നതാണ്.

(2) രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: രജിസ്ട്രേഷൻ വകുപ്പിൽ ജീവനക്കാർക്ക് പരിശീലനം നൽകുക, പുതിയ പദ്ധതികൾ ആവിഷ്കരിക്കുക, വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി ഒരു ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെങ്കിലും അത് താല്ക്കാലികമായി നിർത്തിവച്ചു. 09.11.2016-ലെ സർക്കാർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ കുത്താട്ടുകുളത്ത് അനുവദിച്ച ഈ ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം ജില്ലയിലെ നേമത്തേയ്ക്ക് മാറ്റാനെടുത്ത തീരുമാനം പുന:പരിശോധിക്കാനും ആദ്യം അനുവദിച്ച സ്ഥലത്തുതന്നെ ട്രെയിനിംഗ് സെന്റർ പുനരാരംഭിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : കുത്താട്ടുകുളം സബ്‌രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിൽ ജിവനക്കാർക്ക് പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് 29.12.2014 -ലെ ഉത്തരവ് പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പരിശീലന കേന്ദ്രം എറണാകുളം നഗരത്തിൽ വളരെ ദൂരെ സ്ഥാപിക്കുന്നത് പ്രയാസമുണ്ടാക്കുമെന്ന് രജിസ്ട്രേഷൻ ഐ.ജി.

റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വേറെ സ്ഥലങ്ങൾ ലഭ്യമാണോയെന്ന് അന്വേഷിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. അതനുസരിച്ച് തിരുവനന്തപുരം റയിൽവേ സ്റ്റേഷനിൽനിന്ന് എട്ട് കിലോമീറ്റർ അകലെയുള്ള നേമം സബ്‍രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിൽ പരിശീലന കേന്ദ്രം സ്ഥാപിക്കാൻ കഴിയുമെന്ന് ഐ.ജി. റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള 56 സെന്റ് സ്ഥലത്ത് ട്രെയിനിംഗ് സെന്റർ നിർമ്മിക്കാമെന്ന് 09.11.2016-ൽ ഉത്തരവാകുകയും പൊതുമരാമത്ത് വകുപ്പ് തുടർനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആധാരമെഴുത്തുകാർക്ക് ട്രെയിനിംഗ് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. കുത്താട്ടുകുളം സബ്‍രജിസ്ട്രാർ ഓഫീസ് പൊളിക്കാതെ വകുപ്പിന് പൊതുവായ എന്തെങ്കിലും സംവിധാനം ആരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാം.

## III സബ്മിഷൻ

### (1) ബാലികയുടെ ആത്മഹത്യ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കൊല്ലം കുണ്ടറയിൽ പെരിനാട് പഞ്ചായത്തിലെ നാന്തിരിക്കലിൽ 10 വയസ്സുള്ള പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെയും കേസ് അന്വേഷണത്തിൽ അനാസ്ഥ കാണിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കുണ്ടറ പോലീസ് സ്റ്റേഷൻ

പരിധിയിൽ ഇടവട്ടംചേരിയിൽ പത്തുവയസ്സുള്ള വിദ്യാർത്ഥിനി 15.01.2017-ന് തൂങ്ങിമരിച്ചതുമായി ബന്ധപ്പെട്ട് കുട്ടിയുടെ മാതാവിന്റെ അച്ഛൻ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കുണ്ടറ പോലീസ് സിആർ.പി.സി.യിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും എഴുകോൺ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്തുകയും വീട്ടിൽനിന്ന് കണ്ടെടുത്ത ആത്മഹത്യാക്കുറിപ്പ് ഫോറൻസിക് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. തൂങ്ങിമരണമാണെന്നും കുട്ടി ലൈംഗിക പീഡനത്തിന് ഇരയായിട്ടുണ്ടെന്നുമുള്ള പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ സിആർ.പി.സി. വകുപ്പ് ഒഴിവാക്കി ഐ.പി.സി., പോക്സോ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. 18.2.2017-ൽ കേസന്വേഷണം കുണ്ടറ സി.ഐ. ഏറ്റെടുക്കുകയും കുട്ടിയുടെ ബന്ധുക്കളിൽനിന്നും അയൽക്കാരിൽനിന്നും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടിയുടെ സഹോദരിയെ കൗൺസിലിംഗിന് വിധേയമാക്കാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ കൊട്ടാരക്കര ഡിവൈ. എസ്.പി.യെ സമഗ്രാന്വേഷണത്തിന് ചുമതലപ്പെടുത്തുകയും അന്വേഷണത്തിൽ വീഴ്ച വരുത്തിയ കുണ്ടറ സർക്കിൾ ഇൻസ്പെക്ടറെയും എസ്.ഐ.യെയും അന്വേഷണ വിധേയമായി

സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(2)<u>കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> മൂന്നാറിൽ കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 21.01.2010-ലെ കേരള ഹൈക്കോടതി ഉത്തരവിൻ പ്രകാരം ഇടുക്കി ജില്ലയിൽ മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ കളക്ടറുടെയോ റവന്യൂ ഡിവിഷണൽ ഓഫീസറുടെയോ എൻ.ഒ.സി. വാങ്ങിയിരിക്കണമെന്ന നിർദ്ദേശമുണ്ട്. ഇപ്രകാരം 129 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 115 എണ്ണത്തിന് എൻ.ഒ.സി. നൽകുകയും രണ്ടെണ്ണം നിരസിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ എത്രയും വേഗം തീർപ്പാക്കുന്നതാണ്. മൂന്നാർ പ്രദേശത്ത് നിയമപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(3) <u>പെൺകുട്ടിയെ കാണാതായ സംഭവം</u>

<u>ശ്രീ. പി. ടി. തോമസ്:</u> തൃക്കാക്കര മണ്ഡലത്തിൽ കാക്കനാട് ചെമ്പുമുക്ക കരയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കാണാതായത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : എറണാകുളം ജില്ലയിലെ കാക്കനാട് ചെമ്പുമുക്കുകരയിൽനിന്നും സുഹൃത്തിനെ കാണാൻ പോയ പതിനേഴ് വയസ്സുകാരിയെ കാണാനില്ലെന്ന പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ തൃക്കാക്കര പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും 10-03-2017-ന് കുട്ടിയെ തിരികെ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. 2013 മുതൽ 2017 വരെയുള്ള കാലയളവിൽ എടപ്പള്ളി, ഓണേക്കര, വാഴക്കാല, തൃശ്ശൂർ, ചാവക്കാട് സ്വദേശികളായ ആറ് പേർ ചേർന്ന് പല സ്ഥലങ്ങളിലും കൊണ്ടുപോയി ലഹരി വസ്തുക്കൾ നൽകി ലൈംഗികമായി പീഡിപ്പിച്ചുവെന്നുള്ള പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രതികളുടെ ഫോട്ടോ പെൺകുട്ടി തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആറ് പ്രതികളെയും അറസ്റ്റ് ചെയ്യുകയും കുറ്റകൃത്യത്തിന് ഉപയോഗിച്ച വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുകയും സി.ആർ.പി.സി. 164 പ്രകാരം ഇരയുടെ മൊഴി കോടതി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിൽ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) വേമ്പനാട്ട് കായൽ വികസന അതോറിറ്റി

ശ്രീ. ജോൺ ഫെർണാണ്ടസ്: അശാസ്ത്രീയവും കാര്യക്ഷമവുമല്ലാത്ത കായൽ നികത്തലും ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങളും മാലിന്യ നിക്ഷേപവുംമൂലം ഭീഷണിയിലായ വേമ്പനാട് കായലിന്റെ ആവാസ വ്യവസ്ഥ പുന:സ്ഥാപിക്കുന്നതിനും കൊച്ചി-ആലപ്പുഴ-കോട്ടയം ജില്ലകളിലെ വ്യവസായ – വാണിജ്യ – മത്സ്യബന്ധന - വിനോദസഞ്ചാര മേഖലകളെ സംരക്ഷിക്കുന്നതിനും തീരദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുമായി വേമ്പനാട് കായൽ വികസന അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വേമ്പനാട് കായലിന്റെ മലിനീകരണം നിയന്ത്രിക്കുന്നതിന് വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഫ്ലാറ്റുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയ്ക്ക് പാരിസ്ഥിതികാനുമതി നിർബന്ധമാക്കുകയും ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ്, ഗാർബേജ്, എഞ്ചിൻ ഓയിൽ എന്നിവ മൂലമുണ്ടാകുന്ന മലിനീകരണം തടയുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കപ്പൽ ചാനലുകൾ ഒഴിച്ചുള്ള ഡ്രെഡ്ജിംഗിന് നിയന്ത്രണം ഏർപ്പെടുത്തുകയും കരയിലെ സീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ മാലിന്യം സംസ്കരിക്കുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രം പ്രവർത്തനാനുമതി

പുതുക്കിനൽകുകയും ചെയ്തുവരുന്നു. കേരളത്തിലെ മുഴുവൻ തണ്ണീർത്തടങ്ങളുടെയും സമഗ്ര പരിപാലനത്തിനും കൃഷി, ജലവിഭവം, മത്സ്യബന്ധനം, ഗ്രാമവികസനം, ആവാസവ്യവസ്ഥയുടെ സംരക്ഷണം, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര വികസനം എന്നിവ സാധ്യമാക്കുന്നതിനായി ഗവൺമെന്റ് ഏജൻസികൾ-കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ്, റിസർച്ച് ഏജൻസികൾ, സർക്കാരിതര സംഘടനകൾ, പ്രദേശവാസികൾ എന്നിവരുടെ സഹായത്തോടെ കേരള സ്റ്റേറ്റ് വെറ്റ് ലാന്റ് അതോറിറ്റിക്ക് രൂപം നൽകിയിട്ടുള്ളതിനാൽ വേമ്പനാട് കായൽ വികസന അതോറിറ്റിയുടെ രൂപീകരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(5) കോട്ടയം ക്യാമ്പസിലെ അക്രമം

ശ്രീ. എ. എൻ. ഷംസീർ: കോട്ടയം എം.ജി. യൂണിവേഴ്സിറ്റി ക്യാമ്പസിലുണ്ടായ സംഘർഷത്തെത്തുടർന്ന് മാരകമായി പരിക്കേറ്റ അംഗപരിമിതനും ദളിത് യുവാവുമായ സച്ചു സദാനന്ദന് നീതി ലഭ്യമാക്കാനും അക്രമികൾക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : കോട്ടയം ജില്ലയിലെ മാന്നാനം കെ. ഇ. കോളേജിലെ എസ്.എഫ്.ഐ. യൂണിറ്റ് ഭാരവാഹിയും പി.ജി.വിദ്യാർത്ഥിയും അംഗപരിമിതനുമായ സച്ചു സദാനന്ദനേയും എസ്.എഫ്.ഐ. ജില്ലാ പ്രസിഡന്റായ അരുണിനേയും നിരവധി ക്രിമിനൽ

കേസുകളിൽ പ്രതിയായ സിബി ജോണിന്റെ നേതൃത്വത്തിലുള്ള ഐ.എൻ.റ്റി.യു.സി. പ്രവർത്തകരും കണ്ടാലറിയാവുന്ന മറ്റ് നാലുപേരും ചേർന്ന് 10-03-2017-ന് എം.ജി. യൂണിവേഴ്സിറ്റി ക്യാമ്പസിനുമുന്നിലുള്ള റോഡിൽ തടഞ്ഞുനിർത്തി വടിവാൾ കൊണ്ട് വെട്ടി പരിക്കേൽപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട പരാതിയുടെ അടിസ്ഥാനത്തിൽ ഗാന്ധിനഗർ പോലീസിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അക്രമം ആവർത്തിക്കാതിരിക്കാൻ എം.ജി. യൂണിവേഴ്സിറ്റി പരിസരത്തും സച്ചു സദാനന്ദൻ, അരുൺ എന്നിവർ ചികിത്സയിൽ കഴിയുന്ന കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്തും കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുകയും പോലീസ് പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

## (6) പ്രായപരിധി ഉയർത്തൽ

ശ്രീ. എ. എം. ആരിഫ്: പങ്കാളിത്ത പെൻഷൻ പദ്ധതിയിലൂടെ വിരമിക്കൽ പ്രായം 60 വയസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2012 ഏപ്രിൽ 1-നുശേഷം സർവ്വീസിൽ വരുന്ന ഉദ്യോഗാർത്ഥികൾക്കുമാത്രമാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിലൂടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തിയിട്ടുള്ളത്. 2013-

നശേഷം സർവ്വീസിൽ വരുന്ന ഉദ്യോഗാർത്ഥികൾ വിരമിക്കുന്നത് 25 മുതൽ 30 വരെ വർഷങ്ങൾക്കുശേഷമായതിനാൽ നിലവിലുള്ള ഉദ്യോഗ സാധ്യതയിൽ കുറവ് വരുന്നില്ല. സംവരണ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുടെ പ്രായപരിധി ക്രമാനുഗതമായി ഉയർത്തിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കണമെന്ന ആവശ്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേയ്ക്ക് ആകർഷിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

(7) <u>സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി</u>

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2014-15-ൽ ഫണ്ട് അനുവദിച്ചിരുന്നില്ലെങ്കിലും ചെലവ് പൂർണ്ണമായും സ്കൂൾ അധികാരികൾതന്നെ വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പുതിയ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുകയുണ്ടായി. സ്കൂൾ - പോലീസ് അധികൃതർ സംയുക്തമായി ആരംഭിക്കുന്ന ഒരു ദേശസാത്കൃത ബാങ്ക് അക്കൗണ്ടിൽ 5 ലക്ഷം രൂപ മുൻകൂറായി നിക്ഷേപിക്കണമെന്നും ഒരു

പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ടിൽ കൂടുതൽ സ്കൂളുകൾ അനുവദിക്കരുതെന്നുമുള്ള വ്യവസ്ഥയിലാണ് എസ്.പി.സി. യൂണിറ്റുകൾ ആരംഭിച്ചത്. പദ്ധതി നടപ്പാക്കിയ സ്കൂളുകളിൽ മറ്റൊരു തീരുമാനമുണ്ടാകുന്നതുവരെ സ്വന്തം ചെലവിൽത്തന്നെ എസ്.പി.സി. പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാവുന്നതാണ്. എസ്.പി.സി. പദ്ധതി ഈ വർഷം 100 പുതിയ സർക്കാർ സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം അടുത്ത അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ ഈ സ്കൂളുകൾ ഏതൊക്കെയാണെന്ന് തീരുമാനിക്കും.

(8) ധനസഹായം

ശ്രീ. ബി. സത്യൻ: 16.03.2017-ന് കിളിമാനൂരിൽ ഇടിമിന്നലേറ്റ് മരണപ്പെട്ട തുളസീധരൻ, ഉമറുൽ ഫാറൂക്ക് എന്നിവരുടെ കുടുംബത്തിനാവശ്യമായ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 16.03.2017 -ന് വേനൽ മഴയെത്തുടർന്നുണ്ടായ ഇടിമിന്നലിൽ കൊടുവഴന്നൂർ ചെമ്പ്രാംകോട് മുബീന മൻസിലിൽ 17 വയസ്സുള്ള ഉമറുൽ ഫാറൂക്കും നഗരൂർ കോയിക്കൽ വിഷ്ണുഭവനിൽ തുളസീധരനും മരണമടഞ്ഞ സംഭവം അത്യന്തം ദൗർഭാഗ്യകരമാണ്. 23.07.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം ഇടിമിന്നലേറ്റുള്ള

മരണം സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇവരുടെ കുടുംബത്തിന് സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്ന് 4 ലക്ഷം രൂപ ധനസഹായമായി നൽകാൻ കഴിയും. മരണാനന്തര ചടങ്ങുകൾക്കും മറ്റുമായി 10,000 രൂപ അടിയന്തരമായി നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) ബണ്ട് നിർമ്മാണം

ശ്രീ. സി. കൃഷ്ണൻ: പെരളം പഞ്ചായത്തിലെ കണിയൽ പടിഞ്ഞാറെക്കര തോടിന് കുറുകെയുള്ള താൽക്കാലിക പ്രതിരോധ ബണ്ട്, ചാലിപ്പള്ളി ഉപ്പുവെള്ള പ്രതിരോധ ബണ്ട്, കാങ്കോൽ - ആലപ്പടമ്പ് പഞ്ചായത്തിലെ കരിങ്കുഴിത്തോടിന് കുറുകെയുള്ള റെഗുലേറ്റർ എന്നിവ പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പെരളം പഞ്ചായത്തിലെ കണിയൽ തോടിന് കുറുകെയുള്ള ബണ്ട് സ്ഥിതിചെയ്യുന്ന സ്ഥലം ഉദ്യോഗസ്ഥർ സന്ദർശിച്ചതിനെത്തുടർന്ന് അവിടെ ഒരു പ്രതിരോധ ബണ്ട് ആവശ്യമാണെന്നും ചാലിപ്പള്ളി-മുങ്ങം പാലത്തിന് സമീപമുള്ള ക്രോസ് ബാർ കാലപ്പഴക്കം കാരണം പൂർണ്ണമായും നശിച്ച സ്ഥിതിയിലായതിനാൽ ഉപ്പുവെള്ള പ്രതിരോധ തടയണ നിർമ്മിക്കുന്നതാണ് അഭികാമ്യമെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവ

വിശദമായി അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാങ്കോൽ-ആലപ്പടമ്പ് പഞ്ചായത്തിലെ കരിങ്കുഴിത്തോടിന് കുറുകെയുള്ള റെഗുലേറ്റർ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായതിനാൽ ഇവിടെ പാലത്തോടുകൂടിയ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് മലബാർ പാക്കേജിലും നബാർഡിലും ഉൾപ്പെടുത്തി സമർപ്പിച്ചെങ്കിലും ഇതുവരെ അനുമതി ലഭ്യമായിട്ടില്ല. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) <u>പെർമിറ്റ് ഇല്ലാത്ത പ്രൈവറ്റ് ബസ് സർവ്വീസ്</u>

<u>ശ്രീമതി വീണാ ജോർജ്ജ്</u>: പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ പണി പൂർത്തീകരിക്കുകയും പ്രൈവറ്റ് ബസുകളെ സഹായിക്കാനായി കൈക്കൂലി വാങ്ങുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും പെർമിറ്റില്ലാത്ത പ്രൈവറ്റ് ബസ് സർവ്വീസ് നിർത്തലാക്കുകയും ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ശശീന്ദ്രൻ)</u>: പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രാഥമിക അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ വിജിലൻസ് വിഭാഗത്തെക്കൊണ്ട് കൂടുതൽ അന്വേഷണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ടയിലും പരിസര പ്രദേശങ്ങളിലും ഫെബ്രുവരി 10-ാം തീയതി മുതൽ

ഇന്നലെവരെ നാൽപ്പതോളം ബസുകൾ പെർമിറ്റില്ലാതെ അനധികൃത സമാന്തര സർവ്വീസുകൾ നടത്തുന്നതായി കണ്ടെത്തുകയും അവയിൽ ഏഴ് ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അവിടെ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നേരെ കല്ലേറ് നടത്തുകയും ഏഴോളം ബസ്സുകൾ തകർക്കുകയും ചെയ്ത സംഭവത്തിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനും മോട്ടോർ വാഹന വകുപ്പും പോലീസ് അധികൃതരുടെ സഹായത്തോടുകൂടി കർശന നടപടികൾ സ്വീകരിക്കുന്നതാണ്. പത്തനംതിട്ട ഡിപ്പോയുടെ പണി 90 ശതമാനവും പൂർത്തിയായിട്ടുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് മുൻഗണന നൽകി ഇതുപോലെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്.

## (11) <u>നിർമ്മാണ മേഖലയിലെ സ്തംഭനം</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: കൊല്ലം ജില്ലയിൽ നിർമ്മാണ മേഖലയിലുണ്ടായിട്ടുള്ള സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. സി. മൊയ്തീൻ)</u>: എല്ലാത്തരം ചെറുകിട ധാതുക്കളുടെയും ഖനനത്തിന്

പാരിസ്ഥിതികാനുമതി നിർബന്ധമാക്കിക്കൊണ്ട് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 18-05-2012-നുമുമ്പ് അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള സ്ഥലത്തിന് ദീർഘകാലത്തേയ്ക്ക് അനുവദിച്ചിരുന്ന ക്വാറീയിംഗ് ലീസുകളുടെ കാലാവധി തീരുന്നതുവരെ പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടില്ല. സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 2500-ഓളം ചെറുകിട ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നിർബന്ധമാക്കി ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തെത്തുടർന്ന് 2015-ന്റെ ആരംഭം മുതൽ അടച്ചുപൂട്ടാൻ നിർബന്ധിതമാകുകയും ഇടക്കാല സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭിച്ച 900 ഓളം ചെറുകിട ക്വാറികൾ തുടർന്നും പ്രവർത്തിച്ചുവരികയുമാണ്. എന്നാൽ സുപ്രീം കോടതിയുടെ അന്തിമവിധിയോടെ ഒട്ടനവധി ക്വാറികൾക്ക് പ്രവർത്തിക്കാനാകാത്ത സാഹചര്യം നിലവിൽ വന്നു. സംസ്ഥാനത്തിന്റെ ചെറുകിട ധാതു ഉപയോഗം ക്വാറീയിംഗ് ലീസ് പ്രകാരമുള്ള ക്വാറികളെ ആശ്രയിച്ചാണിരിക്കുന്നത്. കൊല്ലം ജില്ലയിൽ സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 108 ക്വാറികൾ പ്രവർത്തിച്ചിരുന്നെങ്കിലും 2-12-2016-ൽ അന്തിമവിധി വന്നതോടുകൂടി നിലവിൽ ക്വാറീയിംഗ് ലീസുള്ള 8 എണ്ണം

മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ജില്ലാതല പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റികളും അപ്രൈസൽ കമ്മിറ്റികളും പ്രവർത്തനക്ഷമമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് ചേർന്ന യോഗത്തിൽ ജില്ലാതല അതോറിറ്റിയും അപ്രൈസൽ കമ്മിറ്റിയും രൂപീകരിക്കുന്നതിനും പാരിസ്ഥിതിക അനുമതി നൽകുന്നതിനും നടപടി ലഘൂകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ജില്ലാതലത്തിൽ പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷ ലഭിച്ചാൽ താമസം കൂടാതെ തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പാരിസ്ഥിതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ധാതുഖനനം സാധ്യമാകുകയും തൊഴിൽ സ്തംഭനത്തിന് പരിഹാരമുണ്ടാകുകയും ചെയ്യും. കൊല്ലം ജില്ലയിൽ പാരിസ്ഥിതികാനുമതിക്കായി ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

## (12) കളിമണ്ണിന്റെ ദൗർലഭ്യം

ശ്രീ. വി. കെ. സി. മമ്മത് കോയ: കളിമണ്ണിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി  നെൽക്കൃഷിക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങളിലുള്ള

കളിമണ്ണ് ഖനനം ചെയ്യുന്നതിനും ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ കളിമണ്ണ് വളരെ കുറഞ്ഞ അളവിൽമാത്രം ലഭിക്കുന്നതിനാൽ ഈ സ്ഥാപനങ്ങളും തൊഴിലാളികളും ഇന്ന് പ്രതിസന്ധിയിലാണ്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കളിമണ്ണ് കൊണ്ടുവരാനുള്ള ശ്രമങ്ങൾ വേണ്ടത്ര വിജയിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾക്കായി തൃശ്ശൂർ കേന്ദ്രമാക്കി ഒരു ക്ലസ്റ്റർ ആരംഭിച്ചിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്. മംഗലം ഡാം ഡീസിൽറ്റ് ചെയ്ത് കളിമണ്ണ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ മേഖലയിലെ പ്രവർത്തനരഹിതമായ യൂണിറ്റുകൾ പുനരാരംഭിക്കുന്നത് പ്രായോഗികമല്ല. കളിമണ്ണിന്റെ ലഭ്യതയനുസരിച്ച് വളരെ നിയന്ത്രിതമായി കുറച്ച് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുക, തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് പുനരധിവാസത്തിനുള്ള പാക്കേജ് തയ്യാറാക്കുക തുടങ്ങിയവയാണ് ഇതിനുള്ള പരിഹാര മാർഗ്ഗങ്ങൾ. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ പരിധിയിൽ വരാത്ത ഭൂമി കണ്ടെത്തി

പാരിസ്ഥിതിക ആഘാത സാധ്യതകൾ വിലയിരുത്തി ഖനനഫലമായുണ്ടാകുന്ന കുഴികൾ പൂർണ്ണമായും നികത്തി പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും വ്യവസായങ്ങൾക്കനുയോജ്യമായ കളിമണ്ണ് ഖനനം ചെയ്യണമെന്ന സർക്കാർ നിർദ്ദേശങ്ങൾ നടപ്പിൽവരുത്തുകയുമുണ്ടായി. എന്നാൽ പരമ്പരാഗത വ്യവസായ സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ അസംസ്കൃത ധാതുവായതിനാലും വളരെ കുറഞ്ഞ ആഴത്തിൽമാത്രമേ ഖനനം ചെയ്യാൻ സാധിക്കുവെന്നതിനാലും കളിമണ്ണ് ഖനനത്തെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിൽനിന്നും ഒഴിവാക്കിയിരുന്നു. 15-1-2016-ലെ കേന്ദ്ര ഉത്തരവിന്റെയും സുപ്രീം കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ കളിമണ്ണടക്കമുള്ള എല്ലാ ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിനും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ നടപടി സംസ്ഥാനത്തെ കളിമണ്ണടക്കമുള്ള ധാതു ഖനനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ 5 ഹെക്ടറിൽ താഴെ വിസ്തീർണ്ണം വരുന്ന സ്ഥലത്തിന് ജില്ലാതല പാരിസ്ഥിതികാനുമതി നൽകുന്നതിന് പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി നിലവിലുള്ളതിനാൽ കാലതാമസമുണ്ടാകുന്നതല്ല. 2008-ന്

മുമ്പായി നികത്തപ്പെട്ടതും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരാത്തതുമായ പ്രദേശങ്ങളിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഖനനം ചെയ്യുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി പഠനം നടത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റൽ സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(13) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും തുറമുഖ നിർമ്മാണവും

ശ്രീ. വി. എസ്. ശിവകുമാർ: പൂന്തുറ-വലിയതുറ തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിനും വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും ഫിഷിംഗ് ഹാർബറുകൾ നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനും പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ തീർപ്പാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ തീരദേശ

മേഖലയുടെ സമഗ്ര വികസനത്തിനായി 475 കോടി രൂപയുടെയും മത്സ്യത്തൊഴിലാളി ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് 350 കോടി രൂപയുടെയും പ്രത്യേക പാക്കേജുകൾ വിഭാവന ചെയ്തിട്ടുണ്ട്. പുനരധിവാസത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം 2,44,00,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കുകയും ടി തുക വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ട് ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തി പുനരധിവാസ പാക്കേജുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഒരു മിഷൻ മാതൃക അവലംബിക്കുന്നതാണ്. പുനരധിവാസത്തിനാവശ്യമായ തുക കണ്ടെത്തുന്നതിനും പ്രസ്തുത പ്രദേശത്ത് നടപ്പാക്കേണ്ട വിവിധ പദ്ധതികളെക്കുറിച്ചുള്ള സർവ്വേ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. അത്യാവശ്യമായി ഏതൊക്കെ സ്ഥലങ്ങളിൽ ഹാർബറുകൾ സ്ഥാപിക്കണമെന്നതിനെ സംബന്ധിച്ച് മാസ്റ്റർ സർവ്വേ നടത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്.

### (14) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ

ശ്രീ. ആർ. രാമചന്ദ്രൻ : അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും

സംരക്ഷണത്തിനും ഉതകുന്ന വിധത്തിൽ പാക്കേജ് പ്രഖ്യാപിക്കുന്നതിനും മിനിമം കൂലി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അടഞ്ഞുകിടന്ന 428-ലധികം കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി വ്യവസായികളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഐ.ആർ.സി. ഉടൻ വിളിച്ചുചേർക്കുന്നതാണ്. മന:പ്പൂർവ്വം തുറക്കാത്ത ഫാക്ടറി ഉടമകൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 3 ഫാക്ടറികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ചെറുകിട സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എസ്.പി.വി. രൂപീകരിക്കുന്നതിനും പ്രശ്നങ്ങൾ പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ചെറുകിട സ്വകാര്യ കശുവണ്ടി വ്യവസായികളുടെ ബാദ്ധ്യത സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കുകളുമായി ചർച്ച ചെയ്യുന്നതിനും കുടിശ്ശിക തീർപ്പാക്കാനുള്ള വ്യവസ്ഥകളെക്കുറിച്ച് ആലോചിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കശുവണ്ടി വ്യവസായ സംരക്ഷണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 20

കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി കുടിശ്ശികയുടെ കുറച്ചുഭാഗം ഏപ്രിൽ മാസത്തോടെ നൽകുന്നതാണ്. തുറന്ന് പ്രവർത്തിപ്പിച്ച ഫാക്ടറികളിൽ മിനിമം വേജസ് നൽകുന്നുണ്ട്.

## (15) കെട്ടിട നിർമ്മാണം

ശ്രീ. എൻ. ഷംസുദ്ദീൻ : ആദിവാസി കുട്ടികൾ പഠിക്കുന്ന അട്ടപ്പാടി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ മുടങ്ങിക്കിടക്കുന്ന പുതിയ കെട്ടിട നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : അട്ടപ്പാടി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് പരിമിതമായ സൗകര്യങ്ങളുള്ള അഹാഡ്സിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവിലാണ് പ്രവർത്തിച്ചുവരുന്നത്. അതിന് കെട്ടിടം നിർമ്മിക്കുന്നതിനായി 135 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്ഥലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ ഒരു കോടി രൂപ അനുവദിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് 172 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായി ആവശ്യമുള്ള 72 ലക്ഷം രൂപ ധനപുനർവിനിയോഗംവഴി കണ്ടെത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും ഒരു കോടി രൂപ ലഭ്യമാക്കാനുള്ള

ശിപാർശയും ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കോളേജിന് ലഭ്യമാകേണ്ട അധിക ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(16) <u>ശുചീകരണ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ</u>

<u>ശ്രീ. എം. നൗഷാദ്</u> : കൊല്ലം നഗരസഭയിലെ ശുചീകരണ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): കൊല്ലം കോർപ്പറേഷനിലെ ഒഴിവുള്ള തസ്തികകളിൽ താല്ക്കാലിക തൊഴിലാളികളെ നിയമിക്കുന്നതിനാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിരിക്കുന്നത്. ധനകാര്യ വകുപ്പിലേയ്ക്ക് അയച്ച ഫയലിന്മേൽ പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതാണ്.

(17) <u>കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം</u>

<u>ശ്രീ. പി. സി. ജോർജ്</u>: സ്വകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിനും മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>): വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ കിട്ടാനുള്ള 202

കോടി രൂപ  വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചും  റവന്യൂ റിക്കവറി,  ഒറ്റത്തവണ തീർപ്പാക്കൽ നടപടികളിലൂടെയും പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കുടിശ്ശിക വരുത്തുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതിബന്ധം സമയാസമയങ്ങളിൽ വിച്ഛേദിക്കുന്നുണ്ട്.  വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിരന്തരം കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് നോട്ടീസ് നൽകിയതല്ലാതെ  കോട്ടയം ജില്ലയിലെ സർക്കാർ കോളേജിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടില്ല.  മുൻ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ജലവൈദ്യുത പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്തംഭനാവസ്ഥയിലായിരുന്നു.  വൈദ്യുതി ചാർജ് ഈടാക്കുന്ന കാര്യത്തിൽ വിവേചനപരമായ നിലപാട് സ്വീകരിച്ചിട്ടില്ല.

## (18) <u>കരാർത്തൊഴിലാളി സംരക്ഷണ നിയമം</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും  ജോലിക്കിടയിൽ മരിച്ച കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി നൽകുന്നതിനും സംസ്ഥാനത്തെ കരാർ തൊഴിലാളികളുടെ സംരക്ഷണത്തിനായി തമിഴ്നാട് മാതൃകയിൽ  നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>): കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി

ബോർഡ് ലിമിറ്റഡിലെ നിയമനങ്ങളെല്ലാം പി.എസ്.സി. മുഖാന്തിരമാണ് നടത്തുന്നത്. കെ.എസ്.ഇ.ബി.യുടെ വിവിധ ഓഫീസുകളിൽ താല്ക്കാലികാടിസ്ഥാനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നിലവിൽ നിയമമില്ല. ബോർഡിൽ ഇപ്പോഴുള്ള ജീവനക്കാരുടെ എണ്ണം വളരെ കൂടുതലാണെന്നാണ് റെഗുലേറ്ററി കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. കോൺട്രാക്ട് അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജോലി ചെയ്യുന്ന ആളുകളെ നിയമിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് തമിഴ്നാട് മാതൃകയിലുള്ള നിയമം സംസ്ഥാനത്ത് അപ്രായോഗികമാണ്.

(19) നാലുവരിപ്പാത നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: ദേശീയ പാത 47-ൽ ഇടപ്പള്ളി മുതൽ മണ്ണുത്തി വരെയുള്ള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെട്ട അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും സുരക്ഷാ സംവിധാനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ അവലോകനയോഗം കൂടുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ദേശീയ

പാത 47-ൽ ചാലക്കുടി ജംഗ്ഷനിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം അണ്ടർ പാസ്സേജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഡിസൈനിംഗ് വർക്ക് പുരോഗമിക്കുകയാണ്. കൊരട്ടി ജംഗ്ഷനിൽ സിഗ്നൽ സംവിധാനം സ്ഥാപിക്കുകയും ഫുട് ഓവർ ബ്രിഡ്ജ് പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കി വരികയുമാണ്. പേരാമ്പ്രയിൽ കാൽനട യാത്രക്കാർക്കുവേണ്ടി ഫുട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനും പെഡസ്ട്രിയൻ അണ്ടർ പാസ്സേജ് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയുമാണ്. പോർട്ട് ആശ്രമം ജംഗ്ഷനിൽ കാൽനട യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി ഫുട് ഓവർ ബ്രിഡ്ജ് പദ്ധതി അംഗീകരിക്കുകയും അടിപ്പാത നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുമാണ്. എഗ്രിമെന്റ് പ്രകാരമുള്ള സർവ്വീസ് റോഡുകൾ ഏകദേശം നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. കരാറിലില്ലാത്ത 22 കിലോമീറ്റർ സർവ്വീസ് റോഡ് നിർമ്മാണത്തിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. എഗ്രിമെന്റ് പ്രകാരമുള്ള സുരക്ഷാ സംവിധാന പ്രവൃത്തികൾ റോഡ് സേഫ്റ്റി എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

## IV ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

1. കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (സെക്കന്റ് അമന്റ്മെന്റ്) റൂൾസ്, 2016

(എസ്.ആർ.ഒ. നമ്പർ 636/2016)

ശ്രീ. എൻ. ഷംസുദ്ദീൻ: ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള സ്പെഷ്യൽ റൂളിനും കെ.എസ്.എസ്.ആർ-ലെ പൊതുചട്ടങ്ങൾക്കും വിരുദ്ധമായാണ് എസ്.ആർ.ഒ. പുറപ്പെടുവിച്ചിരിക്കുന്നത്. സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റ്, സി.എ. തുടങ്ങിയ തസ്തികകളിൽ ബൈ ട്രാൻസ്ഫർ, പി.എസ്.സി. നിയമനങ്ങൾക്ക് സീനിയോറിറ്റി നിർണ്ണയിക്കുന്നതിനാണ് പ്രസ്തുത എസ്.ആർ.ഒ. ബാധകമാകുന്നത്. റൂൾ 27 (എ), (സി) എന്നിവ പൂർണ്ണമായും അവഗണിച്ചുകൊണ്ടാണ് എസ്.ആർ.ഒ.-പുറപ്പെടുവിച്ചിട്ടുള്ളത്. ചില പ്രത്യേക സന്ദർഭങ്ങളിൽമാത്രം വിനിയോഗിക്കാനുള്ള റൂൾ 27 (എ)-യുടെ തേർഡ് പ്രൊവിസോ പൊതുവത്കരണം നടത്തുന്നത് ശരിയല്ലാത്തതിനാൽ ഈ എസ്.ആർ. ഒ. റദ്ദ് ചെയ്യണം.

ശ്രീ. വി. പി. സജീന്ദ്രൻ: ഭേദഗതി അവതരിപ്പിക്കുന്നു. ബൈ ട്രാൻസ്ഫർ നിയമനങ്ങളുടെ സീനിയോറിറ്റി നിയമന ഉത്തരവിന്റെ തീയതിയുടെ അടിസ്ഥാനത്തിലും പി.എസ്.സി. മുഖേന നിയമിതരാകുന്നവരുടെ സീനിയോറിറ്റി അഡ്വൈസ് തീയതി അടിസ്ഥാനമാക്കിയും നിർണ്ണയിക്കണമെന്നുള്ള കെ.എസ്.എസ്.ആർ-ലെ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് എസ്.ആർ.ഒ. പുറപ്പെടുവിച്ചിരിക്കുന്നത്. വ്യക്തതയില്ലാത്തതും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായ പ്രസ്തുത എസ്.ആർ.ഒ. റദ്ദ് ചെയ്യണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഭേദഗതി അവതരിപ്പിക്കുന്നു. ബൈ ട്രാൻസ്ഫർ നിയമനം ലഭിക്കുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പുതന്നെ സീനിയോറിറ്റി നിശ്ചയിക്കുന്ന നടപടി സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്കെതിരായി പുറപ്പെടുവിച്ചിരിക്കുന്ന എസ്.ആർ.ഒ. റദ്ദ് ചെയ്യണം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി പുറപ്പെടുവിച്ചിരിക്കുന്ന ഈ എസ്.ആർ.ഒ. റദ്ദ് ചെയ്യണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): എസ്.ആർ.ഒ. 636/2016-ന്റെ വിജ്ഞാപനത്തിലെ അപാകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സീനിയോറിറ്റി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പ്രസ്തുത ഭേദഗതി വിജ്ഞാപനത്തിൽ അപാകതയുണ്ടെന്ന് കണ്ടതിനെത്തുടർന്ന് 25.02.2017-ൽ ഇക്കാര്യം പുനഃപരിശോധിച്ച് ഭേദഗതി വരുത്താൻ നിയമസഭാ സെക്രട്ടേറിയറ്റിനോട് ആവശ്യപ്പെടുകയും 8.03.2017-ൽ റിപ്പോർട്ട് ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ഭേദഗതിയോടുകൂടിയ പുതിയ വിജ്ഞാപനം സഭയിൽ അവതരിപ്പിക്കുന്നതാണ്.

ഭേദഗതി സഭ നിരാകരിച്ചു.

2) <u>കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2016</u>

(എസ്. ആർ. ഒ. നമ്പർ 752/2016)

<u>ശ്രീ. പി. ഉബൈദുള്ള</u>: ഭേദഗതി അവതരിപ്പിക്കുന്നു. ചട്ടപ്രകാരമല്ല ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. വ്യക്തമായി ഘടന നിർവ്വചിക്കപ്പെട്ടിട്ടില്ലാത്ത ടീച്ചേഴ്സ് ബാങ്കിനുവേണ്ടി ആന്റിസിപ്പേറ്റ് ചെയ്ത് ചട്ടം നിർമ്മിക്കുന്നത് യുക്തിസഹമല്ല. സംരക്ഷിത അദ്ധ്യാപകരുടെ കൃത്യമായ കണക്കില്ലാതെ അദ്ധ്യാപക ബാങ്കിൽനിന്നും നിയമനം നടത്തുന്നതിന് നിയമത്തിന്റെ പരിരക്ഷ ലഭിക്കുകയില്ല. കെ.ഇ.ആർ. -ന് വിരുദ്ധമായും സബ്ജക്ട് കമ്മിറ്റി പരിഗണിക്കാതെയും പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ. റദ്ദ് ചെയ്ത് പുതിയത് കൊണ്ടുവരണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>) : സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര നിയമനങ്ങൾ കേരള വിദ്യാഭ്യാസ ചട്ടപ്രകാരം അതാത് മാനേജർമാരിൽ നിക്ഷിപ്തമാണ്. കുട്ടികളുടെ കുറവുമൂലം തസ്തിക നഷ്ടം വന്ന് പുറത്തുപോകേണ്ടിവരുന്ന അദ്ധ്യാപകരുടെ ദീർഘനാളത്തെ സേവനം കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി അവരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി സർക്കാർ സംരക്ഷണം നൽകിവരുന്നു. സംരക്ഷിത അദ്ധ്യാപകരുടെ ജോലി സുരക്ഷിതത്വത്തിനും അദ്ധ്യാപകരുടെ എണ്ണം

വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനുംവേണ്ടിയാണ് എയ്ഡഡ് സ്കൂളുകളിലുണ്ടാകുന്ന അധിക അദ്ധ്യാപക തസ്തികകളിലേയ്ക്ക് സംരക്ഷിത അധ്യാപകൻ, പുതിയതായി നിയമിക്കുന്ന അധ്യാപകൻ എന്നിവരെ 1:1 എന്ന അനുപാതത്തിൽ അദ്ധ്യാപക ബാങ്കിൽനിന്നും നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. തസ്തിക നഷ്ടപ്പെട്ട് പുറത്തുപോകേണ്ടിവരുന്ന അദ്ധ്യാപകരെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുമെന്നതിനാൽ ഭേദഗതി അംഗീകരിക്കുന്നില്ല.

ഭേദഗതി സഭ നിരാകരിച്ചു.

(3) <u>2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി</u>

(എസ്.ആർ.ഒ. നമ്പർ 767/2016)

<u>ശ്രീ. വി. ഡി. സതീശൻ</u>: ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിമിനുവേണ്ടി (<u>ശ്രീ. സി. മമ്മൂട്ടി</u>): ഭേദഗതി അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): ഭേദഗതികൾ സ്വീകാര്യമല്ല. സർക്കാർ കാലാകാലങ്ങളിൽ

നിർദ്ദേശിക്കുന്ന ഏത് രോഗത്തെയും വിജ്ഞാപനം വഴി ഉൾപ്പെടുത്താൻ ചട്ടത്തിൽ വ്യവസ്ഥയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ധനസഹായം ഒന്നര ലക്ഷം രൂപയായും 60 വയസ് പൂർത്തിയായവർക്കുള്ള പ്രതിമാസ പെൻഷൻ തുക 2,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സെസ് പിരിവ് കാര്യക്ഷമമാക്കിയതിനെ തുടർന്ന് ആറ് മാസംകൊണ്ട് 8 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

ഭേദഗതികൾ സഭ നിരാകരിച്ചു.

(4) 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ

(എസ്.ആർ.ഒ. നമ്പർ 791/2016)

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ഭേദഗതികൾ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): എസ്.ആർ.ഒ.-യിലും ഭേദഗതിയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളും തമ്മിൽ അർത്ഥ വ്യത്യാസമില്ലാത്തതിനാൽ ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

(5) 2017-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി

(എസ്.ആർ.ഒ. നമ്പർ 44/2017)

ശ്രീ. വി. ഡി. സതീശൻ: ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭേദഗതി സ്വീകാര്യമല്ല. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ശിപാർശ പ്രകാരമാണ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഗൃഹനിർമ്മാണം, മക്കളുടെ ഉന്നത വിദ്യാഭ്യാസം എന്നിവയ്ക്കുള്ള ചെലവിനായി പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലുള്ള തുകയിൽ നിന്ന് തിരിച്ചടയ്ക്കേണ്ടാത്ത വായ്പ അനുവദിക്കുന്നത് പരിഗണനാർഹമാണെങ്കിലും ഇത്തരമൊരു ഭേദഗതി വരുത്താനുള്ള ക്ഷേമനിധി ബോർഡിന്റെ അവകാശത്തിന്മേൽ സർക്കാരിന് കൈ കടത്താനാവില്ല.

ഭേദഗതി സഭ നിരാകരിച്ചു.

## V ക്രമപ്രശ്നം

(1) ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

ശ്രീ. എൻ. ഷംസുദ്ദീൻ: 2000-ലെ സ്പോർട്സ് ആക്ടിൽ സമൂലമായ

ഭേദഗതി വരുത്തി 2015-ൽ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് പാസ്സാക്കിയെങ്കിലും പുതുക്കിയ നിയമപ്രകാരമുള്ള ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. 2015-ൽ സ്പോർട്സ് ആക്ടിൽ വരുത്തിയ ഭേദഗതിക്കനുസൃതമായ ചട്ടങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് റൂളിംഗ് നൽകണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2000-ലെ സ്പോർട്സ് ആക്ടിൽ സമൂലമായ ഭേദഗതി വരുത്തി 2015 സെപ്റ്റംബർ 18-ന് സ്പോർട്സ് (ഭേദഗതി) ആക്ട് പ്രാബല്യത്തിൽ വരികയുണ്ടായി. പുതിയ ആക്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സംസ്ഥാന - ജില്ലാ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിക്കുകയും ജില്ലാ സ്പോർട്സ് കൗൺസിലിൽ പ്രസിഡന്റുമാരെ നാമനിർദ്ദേശം ചെയ്യുകയുമുണ്ടായി. പ്രസ്തുത നാമനിർദ്ദേശങ്ങൾക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഹർജികൾ നിലവിലുള്ളതിനാൽ ചട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചിട്ടില്ല. സ്പോർട്സ് കൗൺസിലിൽ നാമനിർദ്ദേശത്തിനുപകരം തെരഞ്ഞെടുക്കപ്പെട്ട കൗൺസിലുകളെ പ്രാബല്യത്തിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതനുസരിച്ച് ആക്ടിൽ ഭേദഗതി

വരുത്തിയതിനുശേഷം ചട്ടങ്ങൾ രൂപീകരിക്കുന്ന നടപടികളിലേയ്ക്ക് സർക്കാർ നീങ്ങുന്നതാണ്.

## (2) ആനുവൽ സ്റ്റേറ്റ്മെന്റും ഓഡിറ്റ് റിപ്പോർട്ടും യഥാസമയം സമർപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: 1948-ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിലെ സെക്ഷൻ 69(4), 69(5) എന്നിവ പ്രകാരം ആനുവൽ സ്റ്റേറ്റ്മെന്റും ഓഡിറ്റ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് റൂളിംഗ് നൽകണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : 2013 നവംബർ 1 മുതൽ വൈദ്യുതി ബോർഡ് ഒരു കമ്പനിയായാണ് പ്രവർത്തിക്കുന്നത്. സി.&എ.ജി. പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് മറ്റ് നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷമാണ് കണക്കുകൾ സഭയിൽ വയ്ക്കുന്നത്. 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ കണക്കുകളുടെ നടപടിക്രമങ്ങൾ സി.&എ.ജി. തലത്തിൽ പൂർത്തിയാക്കാനുള്ള കാലതാമസമാണ് വരുന്നത്. ബോർഡിനോ സർക്കാരിനോ ഈ കണക്കുകൾ സഭയിൽ വയ്ക്കുന്നതിന് തടസ്സമില്ല.

**റൂളിംഗ്**

മി. സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് നേരത്തെ

സഭയിൽ റൂളിംഗ് നൽകിയിട്ടുള്ളതാണ്. സഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് ചട്ടങ്ങളുണ്ടാകേണ്ടത് നിർബന്ധമാണ്. നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്ക് എത്രയും പെട്ടെന്ന് ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും ചെയർ റൂൾ ചെയ്യുന്നു. സഭ പാസ്സാക്കിയ നിയമങ്ങളനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം നിർമ്മിക്കുകയും അവ കരട് രൂപത്തിൽ ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റികൾക്ക് മുൻകൂർ പരിശോധനയ്ക്കായി നൽകുകയും ചെയ്യുന്ന കാര്യത്തിൽ ചെയറിൽനിന്ന് നേരത്തെയുള്ള നിർദ്ദേശം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് വീണ്ടും റൂൾ ചെയ്യുന്നു.

റൂൾ 303 പ്രകാരമുള്ള ക്രമപ്രശ്നത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ല ശ്രീ. പി. ടി. തോമസ് ഉന്നയിച്ചത്. വൈദ്യുതി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള നടപടികളെല്ലാം സർക്കാരിൽനിന്നുണ്ടാകണം. ഇവിടെ ഉന്നയിച്ച ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല.

<u>ശ്രീ. പി. ടി. തോമസ്</u> : അത്യപൂർവ്വമായ അവസരത്തിൽ മാത്രമേ അംഗങ്ങൾ പ്രിവിലേജുകൾ സഭയിൽ ഉന്നയിക്കാറുള്ളൂ. സഭ പിരിയുന്ന അവസരത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ലഭിച്ച പ്രിവിലേജുകളെക്കുറിച്ച് സഭയിൽ അറിയിക്കുന്നതാണ് കീഴ്‌വഴക്കം. അംഗങ്ങൾ പ്രിവിലേജ് മോഷൻ കൊണ്ടുവരുന്നത് കീഴ്‌വഴക്കങ്ങൾക്കെതിരാണ്.

<u>മി. സ്പീക്കർ</u> : ശ്രീ. കെ. സുരേഷ് കുറുപ്പ് അവകാശലംഘനത്തിന്റെ വിഷയം സഭയിൽ മെൻഷൻ ചെയ്തതിൽ തെറ്റുള്ളതായി കാണുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>) : ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏത് പ്രിവിലേജ് പ്രശ്നവും സ്പീക്കർക്ക് പരിശോധനയ്ക്കോ അന്വേഷണത്തിനോ റിപ്പോർട്ടിനോവേണ്ടി പ്രിവിലേജ് കമ്മിറ്റിക്ക് വിടാവുന്നതാണ്. റൂളിംഗ് പുന:പരിശോധിപ്പിക്കാൻ സ്പീക്കറെ സമ്മർദ്ദത്തിലാക്കുന്നത് ശരിയായ കീഴ്വഴക്കമല്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : ലോക്സഭയിലാണെങ്കിലും പ്രിവിലേജ് നോട്ടീസ് സ്പീക്കർ സഭയിൽ മെൻഷൻ ചെയ്യുകയാണ് പതിവ്. അംഗങ്ങളെ അതിന് അനുവദിക്കാറില്ല. അത്യപൂർവ്വമായ അവസരങ്ങളിലാണ് അംഗങ്ങൾക്ക് മെൻഷൻ ചെയ്യാൻ അവസരം നൽകുന്നത്.

<u>മി. സ്പീക്കർ</u> : 15 അംഗങ്ങളുടെ പിന്തുണയുണ്ടെങ്കിൽ അവകാശലംഘനം സഭയിൽ ഉന്നയിക്കാമെന്ന് ചട്ടം അനുശാസിക്കുന്നുണ്ട്. ചട്ടപ്രകാരം ഇക്കാര്യത്തിൽ എന്തെങ്കിലും അവ്യക്തതയുണ്ടെന്ന് തോന്നുന്നില്ല.

## VI നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ</u>

## പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി (ശ്രീ. ചിറ്റയം ഗോപകുമാർ) : 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികൾക്ക് അനുകൂലമായാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. വ്യാവസായിക രംഗത്ത് കോർപ്പറേറ്റ് മുതലാളിമാരുടെ കടന്നുവരവ് സമസ്ത മേഖലയിലുമുള്ള തൊഴിലാളികളെ പ്രതിസന്ധിയിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ബില്ലിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ ക്ലറിക്കൽ സൂപ്പർവൈസർ എന്നതിന്റെകൂടെ work for the promotion of sales എന്നുകൂടി ഉൾപ്പെടുത്തിയിട്ടുള്ള

ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ : 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളി എന്ന നിർവ്വചനത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചാൽ കുറേയധികം മേഖലകളിലുള്ള തൊഴിലാളികൾക്ക് ഗുണം ലഭിക്കും. ഒരു വ്യവസായ സ്ഥാപനത്തിലെ ഡിസിപ്ലിനറി ആക്ഷൻ എടുക്കാൻ കഴിയുന്ന അതോറിറ്റിയേയോ മാനേജ്മെന്റ് അതോറിറ്റിയേയോ ഒഴിച്ചുനിർത്തി മറ്റുള്ളവരെയെല്ലാം ഇതിന്റെ പരിധിയിൽക്കൊണ്ടുവരാൻ കഴിയുമോയെന്നും വ്യാവസായിക തർക്കങ്ങൾ സമയബന്ധിതമായി പരിഹരിച്ച് തൊഴിലാളിക്ക് ലഭിക്കേണ്ട അവകാശങ്ങൾ ലഭിക്കാനുള്ള സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കണം. തൊഴിൽ തർക്കങ്ങളിന്മേൽ നീതി ലഭിക്കുന്നത് അനന്തമായി നീണ്ടുപോകുന്നതിന് നിയമ പരിരക്ഷ നൽകേണ്ടത് അത്യാവശ്യമാണ്. കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ സംസ്ഥാന സർക്കാർ ശക്തമായ ഇടപെടൽ നടത്തണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തൊഴിലാളികളുടെ നിർവ്വചന പരിധിക്കുള്ളിൽ ഉല്പന്നങ്ങൾ വില്പനയ്ക്ക്

പ്രൊമോട്ടുചെയ്യുന്നവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതിയാണ് ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

127-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

106-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

In the enacting formula, for the words " sixty seven" the words

“ sixty eight” shall be substituted.

In sub clause (1), for the figure “ 2016” the figure “ 2017” shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## (ii) 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി)ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. തുല്യജോലിക്ക് തുല്യവേതനം എന്ന സുപ്രീം കോടതി വിധി പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. തൊഴിലും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുന്ന നിയമങ്ങൾ നിലവിലുണ്ടെങ്കിലും പല തൊഴിൽ സ്ഥാപനങ്ങളും ജീവനക്കാരിൽ അമിത ജോലിഭാരം അടിച്ചേല്പിക്കുന്നു. എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടിയാണ് പലരും കുറഞ്ഞ കൂലിക്ക് ജോലി ചെയ്യാൻ തയ്യാറാകുന്നത്. നാട്ടിലുള്ള തൊഴിലാളികൾക്ക് കൊടുക്കുന്ന കൂലിപോലും അന്യ സംസ്ഥാനത്തൊഴിലാളികൾക്ക് കൊടുക്കാറില്ല. ഇത്തരം ചൂഷണങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. മുരളി പെരുനെല്ലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മിനിമം വേതനം സംബന്ധിച്ച് തൊഴിലാളികളുടെ ആവശ്യങ്ങൾക്ക് പതിനഞ്ചാം ലേബർ കോൺഗ്രസ് അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥിരം ജീവനക്കാർക്കുള്ള അതേ വേതനം കരാർ/ദിവസക്കൂലി/പാർട്ട്ടൈം തൊഴിലാളികൾക്കും നടപ്പാക്കണമെന്നുള്ള സുപ്രീം കോടതി വിധി പ്രാവർത്തികമാക്കേണ്ടതാണ്. അഞ്ചുവർഷം കൂടുമ്പോഴാണ് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത്. പുതുക്കി നിശ്ചയിക്കേണ്ട മേഖലകൾ തീരുമാനിക്കുന്നതിന് ലേബർ കമ്മീഷണറെയും മിനിമം വേതന ഉപദേശക സമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്കും മിനിമം വേതനം ഉറപ്പാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണം. മിനിമം വേതനം നടപ്പാക്കാത്ത മേഖലകളിൽ തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞിന് വേണ്ടി (ശ്രീ. എം. ഉമ്മർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി)

ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിലെ ക്ലോസ് 3-ൽ പറഞ്ഞിട്ടുള്ള ഫൈൻ ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ വർദ്ധന യുക്തിസഹമല്ല. നാലാം വകുപ്പിലെ ഒഫീഷ്യൽ ഭേദഗതി ഇവിടെ അവതരിപ്പിച്ചാൽ അത് നിയമപരമായ പ്രശ്നങ്ങളുണ്ടാക്കും. ഇത്തരം ഒരു ബില്ലിന് പ്രസിഡന്റിന്റെ അനുമതി ലഭിക്കുമോയെന്ന് പരിശോധിക്കേണ്ടതാണ്. മിനിമം വേജസ് നൽകാത്ത തൊഴിലുടമകളുടെ പേരിൽ സ്വീകരിക്കുന്ന നടപടികൾ നിയമാനുസൃതമായിരിക്കണം. തോട്ടം മേഖലകളിൽ മിനിമം വേജസ് വർദ്ധിപ്പിച്ചതിനനുസരിച്ച് ജോലി ഭാരവും വർദ്ധിപ്പിച്ചു. കഴിഞ്ഞ കാലങ്ങളിൽ ഇറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും തൊഴിലാളികൾക്കെതിരാണെങ്കിൽ അത് പുന:പരിശോധിക്കുന്നതിനും മിനിമം വേജസ് നടപ്പിലാക്കിയ സ്ഥലങ്ങളിൽ നടക്കുന്ന ചൂഷണം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. മിനിമം വേജസ് നടപ്പാക്കാത്ത തൊഴിലുടമകൾക്ക് ഫൈൻ ചുമത്താൻ ഈ നിയമം പര്യാപ്തമാകുമോയെന്ന് പരിശോധിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേന്ദ്ര നിയമത്തിൽ ഫൈൻ ഒരു ലക്ഷമാക്കിയതുകൊണ്ടാണ് ഇവിടെയും അതേ നടപടി സ്വീകരിച്ചത്. തീരുമാനിക്കപ്പെട്ട മിനിമം വേജസ് കൊടുക്കാതിരുന്നാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളും ശിക്ഷകളുമാണ് ഭേദഗതിയിലുള്ളത്. മിനിമം വേജസ്

വർദ്ധിപ്പിച്ചതിനനുസരിച്ച് വർക്ക് ലോഡ് കൂട്ടിയിട്ടുണ്ടെങ്കിൽ അതിൽ ട്രേഡ് യൂണിയനുകൾ ഇടപെടേണ്ടതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

119, 122 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

123. In clause 3, after the word and figures " section 22" the words " of the principal Act" shall be inserted.

125, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

127. In section 22 A of the Principal Act proposed to be substituted by clause 4, after sub section (2), the following sub section shall be inserted.

" (3) Notwithstanding anything contained in section 29 (2) of the Code of Criminal Procedure, 1973 (Central Act 2 of 1974), it shall be lawful for the Magistrate to impose a fine for an amount exceeding ten thousand rupees"

129, 130, 131,137, 138, 141, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

109. In the Preamble, for the words " Sixty-seventh" substitute the words " Sixty eighth"

106, 108, 111,113, 117, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

113. In clause 1(1), the figures " 2016" shall be substituted with the figures " 2017" .

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 113-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമായി.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ

പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ബില്ലിന്റെ അവതരണവേളയിൽ ഇതുസംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം ചർച്ച ചെയ്തിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി (ശ്രീ. പി. ടി. തോമസ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിലെ സെക്ഷൻ 3 ജി-ൽ രണ്ടുവർഷമെങ്കിലും ഫണ്ടിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന് തൊഴിലാളി വിഹിതമായി അടച്ച തുക നൽകണമെന്നാണ് പറഞ്ഞിരിക്കുന്നത്. അത് രണ്ടുവർഷമെന്നത് തുടർച്ചയായി ഒരു വർഷം എന്ന് മാറ്റണമെന്ന് ആവശ്യപ്പെടുകയാണ്. പുരോഗമനപരമായ രീതിയിൽ അവതരിപ്പിച്ചിട്ടുള്ള ഇത്തരമൊരു നിയമത്തിൽ കാലോചിതമായ പരിഷ്കാരം വരുത്താനും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സജീവമാക്കാനും പെൻഷൻ അടക്കമുള്ള അംഗങ്ങളുടെ ആനുകൂല്യങ്ങൾ ഏകീകരിച്ച് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. കോൺട്രിബ്യൂട്ടറി, ക്ഷേമനിധി പെൻഷനുകളും മിനിമം വേജസും കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആക്ടിന്റെ പരിധിയിൽ വരുന്ന സ്ത്രീകൾക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനുള്ള നടപടിയുണ്ടാകണം. ജോലി സ്ഥലങ്ങളിലെ സ്ത്രീ പ്രാതിനിധ്യക്കുറവ് കണക്കിലെടുത്ത് നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തണം.

പ്രൊഫ. കെ. യു. അരുണൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): രണ്ട് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച ഒരംഗം, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ച് പോകുന്ന അവസരത്തിൽ, നിധിയിൽ നിന്നും ഒരാനുകൂല്യവും കൈപ്പറ്റിയിട്ടില്ലാത്ത പക്ഷം, തൊഴിലാളി വിഹിതമായി അടച്ച തുക മാത്രം നൽകുന്നതിനും മരണാനന്തര സഹായധനം ലഭിക്കാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ആ അംഗം നിധിയിലേയ്ക്ക് അംശദായമായി അടച്ച തുക നൽകുന്നതിനുമാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇത് രണ്ടും ജനാധിപത്യപരമായ

അവകാശമാണ്. പെൻഷൻ വർദ്ധിപ്പിക്കുന്നതിനും പ്രസവ ലീവിന്റെ കാര്യത്തിലും മാറ്റം വരുത്തണമെങ്കിൽ അതുമായി ബന്ധപ്പെട്ട് പുതിയ നിയമം കൊണ്ടുവരേണ്ടതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

121, 123, 129, 132, 133, 135, 136, 137, 144, 146, 148, 149, 151, 155, 156, 157, 159, 160 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

107, 108, 113, 115, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

108. പീഠികയിൽ "അറുപത്തിയേഴാം" എന്നത് "അറുപത്തിയെട്ടാം" എന്ന് മാറ്റുക.

115. ഖണ്ഡം 1(1)-ൽ " 2016" എന്നത് " 2017" എന്ന് മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(iv) <u>2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ശശീന്ദ്രൻ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: എം.എൽ.എ.-മാരുടെ സ്റ്റാഫിന്റെ പ്രതിമാസ ശമ്പളം 12,500 രൂപയിൽനിന്ന് 20,000 രൂപയായും എം.എൽ.എ.-മാരുടെ വാഹന വായ്പ 5 ലക്ഷം രൂപയിൽനിന്ന് 10 ലക്ഷം രൂപയായും ഭവനവായ്പ

10 ലക്ഷം രൂപയിൽനിന്ന് 20 ലക്ഷം രൂപയായും ഉയർത്തുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടും മൂന്നും വകുപ്പുകൾ</u>

ഭേദഗതിയില്ല

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

" Section 3 shall be deemed to have come into force on the 20th day of June 2016 and the remaining section shall come into force at once."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VII അവകാശലംഘന പ്രശ്നങ്ങൾ

പരിഗണനയിലിരിക്കുന്നവ

<u>മി. സ്പീക്കർ</u>: നിയമസഭയിൽ നൽകിയ റൂളിംഗിന്റെ പേരിൽ സ്പീക്കറെ ആക്ഷേപിച്ചുകൊണ്ട് മാതൃഭൂമി ചാനലിൽ സംപ്രേക്ഷണം ചെയ്ത പരിപാടിയിൽ പങ്കെടുത്തവർക്കും ബന്ധപ്പെട്ടവർക്കുമെതിരെ ശ്രീ. കെ. സുരേഷ് കുറുപ്പ് നൽകിയ നോട്ടീസും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. പി. സി. ജോർജ് നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

## VIII പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

(തുടർന്ന് പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും യഥാസമയം മറുപടി നൽകിയ മന്ത്രിമാരെയും ചോദ്യങ്ങളുടെ നോട്ടീസുകൾ LAIS വഴി ഓൺലൈനായി സമർപ്പിച്ച സാമാജികരെയും പ്രത്യേകം

അഭിനന്ദിക്കുകയും ചെയ്തു. കൂടാതെ ഈ സമ്മേളനത്തിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കിയ രണ്ട് പ്രമേയങ്ങളെ സംബന്ധിച്ച് എടുത്തുപറയുകയും നിയമസഭാംഗമായി 50 വർഷം പൂർത്തിയാക്കിയ ശ്രീ. കെ. എം. മാണിയെ അനുമോദിക്കുകയും നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനവും നിയമസഭാംഗങ്ങൾക്കായുള്ള മൊബൈൽ ആപ്ലിക്കേഷന്റെ ലോഞ്ചിംഗും ഈ സമ്മേളന കാലത്തുതന്നെ നിർവ്വഹിക്കാൻ കഴിഞ്ഞതിൽ സന്തോഷം രേഖപ്പെടുത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.)

സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.38-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

* * * * * * * * *